LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമ്മൂന്നാം സമ്മേളനം

1986 നവംബർ 26, ബുധൻ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 1986 നവമ്പർ 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പുതിയ പദ്ധതി

*515 [549] ശ്രീ. കെ. മുസ്സക്കുട്ടി:
,, എം. ജിനദേവൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, ടി. കെ. ഹംസ:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 'മുൻഗണനാ പദ്ധതി' കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,.....

ശ്രീ. കെ. പി. പ്രഭാകരൻ: ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രി അല്ലേ ഇതിന് ഉത്തരം പറയേണ്ടത്; അദ്ദേഹം രാജിവച്ചോ; ഞങ്ങൾക്കതറിയേണ്ട അവകാശമില്ലേ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി സ്ഥലത്തില്ലാത്തതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്.

.....(ബഹളം).....

മി. സ്പീക്കർ: ഗവൺമെൻറിനുവേണ്ടി ഏതു മന്ത്രിക്കും റിപ്പ്ളൈ പറയാം. അത് എല്ലാവർക്കും അറിയാമല്ലോ. ഇത ഒരു പുതിയ കാര്യമല്ല; ഇത് ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം തിരുവനന്തപുരത്തില്ലാത്തതുകൊണ്ടാണ് ഞാൻ ഇവിടെ ആൻസർ പറയാൻ നിൽക്കുന്നത്.

(എ, ബി) പുതിയ പദ്ധതിയൊന്നും ബോർഡ് ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ചില മാർഗ്ഗ നിർദ്ദേശങ്ങൾ ഗവൺമെൻറ് ബോർഡിന് നൽകിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെക്കാണുംപ്രകാരമാണ്.

(1) പൊതു ധനകാര്യസ്ഥാപനങ്ങളിലെ വായ്പാപദ്ധതിയിൽപെടുന്ന കാർഷിക കണക്ഷനുകൾ ബോർഡ് ഫണ്ട് ഉപയോഗിച്ച് നൽകുക. മറ്റുള്ളവയ്ക്ക് ബന്ധപ്പെട്ട അപേക്ഷകർ ചെലവ് വഹിക്കണം.

(2) വാട്ടർ സപ്ലൈ, ലിഫ്റ്റ് ഇറിഗേഷൻ, ഗവൺമെൻറ് കെട്ടിടങ്ങൾ എന്നീ കണക്ഷനുകൾ ലൈൻ നിലവിലുള്ള സ്ഥലങ്ങളിൽ ബോർഡ് ഫണ്ടിൽനിന്നും നൽകുക. മറ്റിടങ്ങളിൽ ബന്ധപ്പെട്ട അപേക്ഷകർ ചെലവ് വഹിക്കണം.

(3) ചെറുകിട വ്യവസായ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ മിനിമം ഗ്യാരൻറി വ്യവസ്ഥയിൽ നൽകുക.

(4) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയിൽ ഉൾപ്പെട്ട അപേക്ഷകർക്ക് വൈദ്യുതി കണക്ഷനുള്ള ചെലവ് 5,000 രൂപയിൽ കവിയുന്നില്ലെങ്കിൽ ബോർഡ് ഫണ്ടിൽനിന്നും നൽകുക.

(സി, ഡി) വൈദ്യുതി കണക്ഷനുള്ള ചെലവ് വിദ്യുച്ഛക്തി ബോർഡിലേക്ക് അടയ്ക്കാൻ തയ്യാറായി സ്വയം മുന്നോട്ടു വരുന്ന അപേക്ഷകരെ അതു ചെയ്യാൻ അനുവദിക്കുകയും ഇപ്രകാരമുള്ള ലിസ്റ്റിൽനിന്നും മുൻഗണനാപ്രകാരം കണക്ഷൻ കൊടുക്കുകയും ചെയ്യുന്ന നടപടിക്രമമാണ് 'മുൻഗണനാ പദ്ധതി'. ഇതുമൂലം വൈദ്യുതി ബോർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന വൈദ്യുതി കണക്ഷനുകൾ താരതമ്യേന സമൂഹത്തിൻെറ താഴെക്കിടയിലുള്ള ദുർബല വിഭാഗങ്ങൾക്ക് കൂടുതലായി ലഭിക്കുകയും താരതമ്യേന സാമ്പത്തിക ശേഷിയുള്ളവർക്ക് കാലതാമസം ഒഴിവാക്കി കണക്ഷൻ ലഭിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. മൂസ്സക്കുട്ടി: ഈ നിർദ്ദേശങ്ങളൊക്കെ ഇവിടെ പറഞ്ഞു. സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയുടെ ഭാഗമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവന്നിട്ടുള്ള എത്രപേരുടെ സ്ഥാപനങ്ങളാണ് ഇലക്ട്രിസിറ്റി കണക്ഷൻകൊടുക്കാത്തതിൻെറ ഫലമായി ഇന്ന് പൂട്ടിക്കിടക്കുന്നതെന്നും അത് എപ്പോൾ കൊടുക്കുമെന്നും വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിക്കുള്ള കണക്ഷൻെറ ചെലവ് 5,000 രൂപയിൽ കവിയുന്നില്ലെങ്കിൽ ബോർഡ് ഫണ്ടിൽനിന്നും കൊടുക്കും. അങ്ങനെയുള്ള എല്ലാ കണക്ഷനുകളും കൊടുത്തിട്ടുണ്ട്. അതിന് മുകളിൽ ചെലവു വരുന്ന എത്ര കണക്ഷനുകൾ കൊടുക്കാനുണ്ടെന്നുള്ളത് പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൂസ്സക്കുട്ടി: ബഹുമാനപ്പെട്ട വിദ്യുച്ഛക്തി മന്ത്രിയെ കാണാത്തതുകൊണ്ടു ചോദിക്കുകയാണ്. പെട്ടെന്ന് കോടതിയുടെ പ്രത്യേകം നിർദ്ദേശം വന്നപ്പോൾ അദ്ദേഹം ഒഴിഞ്ഞു മാറിയതാണോ?

ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാത്തതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ ഒട്ടേറെ ശുദ്ധജല വിതരണ പദ്ധതികളും മുടങ്ങിക്കിടക്കുന്നതായി അറിയാമോ; അതിന് എന്ത് നടപടിയാണ് എടുക്കുന്നത്; ഇന്നലെ ബഹുമാൻപ്പെട്ട ജലസേചന വകുപ്പുമന്ത്രി പറഞ്ഞ ഉത്തരവും ഇതുമായി ബന്ധപ്പെടുത്തി ഇതിൽ വല്ല തീരുമാനവുമെടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ശുദ്ധജല വിതരണ പദ്ധതികൾക്കും അനുപോലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനും മറ്റും കണക്ഷൻ കൊടുക്കുന്നതിന് ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് ലൈൻ വന്ന് നിൽക്കുന്ന സ്ഥലങ്ങളിൽ നിന്നാണെങ്കിൽ അത് ബോർഡിന്റെ ഫണ്ടുപയോഗിച്ച് നൽകുന്നതാണ്. അല്ലാതെ വരുന്ന കണക്ഷനെ സംബന്ധിച്ചിടത്തോളം അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ബോർഡിലേക്ക് അതിന് ആവശ്യമുള്ള പണം അടയ്ക്കണമെന്നുള്ളതാണ് വ്യവസ്ഥ. ആ വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇന്നലെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചതും ഈ രാജ്യത്ത് അനുഭവത്തിലുള്ളതും ഗവൺമെന്റ് സ്ഥാപനങ്ങൾക്കുംപ്പെടെ ആർക്കും കണക്ഷൻ വേണമെങ്കിലും അതിന്റെ കാശ് കെട്ടിവയ്ക്കാതെ കൊടുക്കുകയില്ലെന്നാണ്. സഭയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മനിച്ച് പ്രസ്താവിക്കുന്നത് ശരിയാണോ? എന്റെ സ്വന്ത അനുഭവത്തിലുള്ള ഒരു കാര്യം പറയാം. ഒരു ഗവൺമെന്റ് ആശുപത്രിക്ക് ഞാൻ ഉൾപ്പെട്ട ഒരു കമ്മിറ്റി അപേക്ഷ കൊടുത്തു. ഒരു പോസ്റ്റിനുവേണ്ടി മാത്രമാണ് അപേക്ഷ കൊടുത്തത്. അതിനുവേണ്ടി ആ സ്ഥാപനത്തിൽ രണ്ടായിരം രൂപ കെട്ടിവയ്ക്കാൻ എന്നോടുതന്നെ അതിന്റെ ഉദ്യോഗസ്ഥൻമാർ പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങളുള്ളപ്പോൾ സത്യവിരുദ്ധമായ പ്രസ്താവന നടത്തി എന്ത് നേടാനാണ്.

ശ്രീ. ടി. എം. ജേക്കബ്: സത്യവിരുദ്ധമായ പ്രസ്താവനകളൊന്നുമില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്നതിന് ചില നോംസ് നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. അതനുസരിച്ച് ഇലക്ട്രിസിറ്റി ലൈൻ വന്ന് നിൽക്കുന്ന സ്ഥലങ്ങളിലാണെങ്കിൽ അത് ബോർഡിന്റെ ഫണ്ടുപയോഗിച്ച് കണക്ഷൻ നൽകും. അല്ലാതുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അതിന് എസ്റ്റിമേറ്റ് തുകയുണ്ട്. അതിനുള്ള പണം അടയ്ക്കേണ്ടത് അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റാണ്. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് ബഡ്ജറ്റിൽ പ്രൊവിഷൻ സുണ്ട്. ആ പ്രൊവിഷനിൽനിന്നും പണമടയ്ക്കുകയും കണക്ഷൻ എടുക്കുകയും ചെയ്യാം. ആ ഒരു ധാരണയിലാണ്. ആ നടപടിക്രമമനുസരിച്ചാണ് നമ്മുടെ രാജ്യത്ത് ഇന്നുവരെ കണക്ഷനുകൾ നൽകിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇപ്പോഴും ജനാധിപത്യം നിലനിൽക്കുന്ന കേരളത്തിൽ ഈ രാജ്യത്തിന് അനിവാര്യമാണെന്ന തരത്തിൽ ജനാധിപത്യ മൂല്യങ്ങളെ കുരുതി കൊടുത്തുകൊണ്ട്, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കുവേണ്ടി വാദ കോലാഹലങ്ങൾ നടത്തുകയാണ്. വൈദ്യുതാഘാതമേറ്റ് ഇവിടെ ഹാജരാകാൻ കഴിയാതിരിക്കുന്ന വൈദ്യുതി വകുപ്പുമന്ത്രി ജനാധിപത്യ.....(ബഹളം)..... വൈദ്യുതി കണക്ഷൻ ഈ രാജ്യത്തെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രശ്നമായിതീർന്നിട്ടുണ്ട്.***

മി. സ്പീക്കർ: അങ്ങ് പറഞ്ഞതിന്റെ ആദ്യത്തെ ഭാഗമേ രേഖയിൽ ഉണ്ടാകുകയുള്ളൂ. രണ്ടാമത്തെ ഭാഗം രേഖയിലുണ്ടാകുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: ആദ്യത്തെ ഭാഗവും ദുരുദ്ദേശപരമായിട്ടാണ് അദ്ദേഹം ഉന്നയിച്ചത്. കണക്ഷനുകൾ കൊടുക്കാനുള്ള നടപടിക്രമങ്ങളുണ്ട്. ഓരോ വർഷത്തിലും പദ്ധതിയിനത്തിൽതന്നെ കണക്ഷനുകൾ കൊടുക്കാനുള്ള ക്രമീകരണമുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ഏകദേശം 32,000-ഓളം കണക്ഷനുകൾ ഇതിനകം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. കണക്ഷനുകൾ കൊടുക്കുകയെന്നുള്ളത് ബോർഡിന്റെ ഒരു നടപടിക്രമമാണ്. അതനുസരിച്ച് അതിനുള്ള നടപടികൾ വളരെ വേഗതയിൽ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. കെ. ഹംസ: 'സാഡു' പദ്ധതിപ്രകാരവും, മറ്റ് ഇനത്തിലും ബാങ്കുകളിൽനിന്ന് ലോൺ വാങ്ങിച്ച് പമ്പ്സെറ്റ് വാങ്ങിയിട്ടുള്ള ആളുകൾ കണക്ഷൻ കിട്ടാതെ വിഷമിക്കുന്നുണ്ട്. മലബാറിൽ പ്രത്യേകിച്ച് ഇപ്പോഴും അപേക്ഷകൾ കൊടുത്ത് കാത്തു കിടപ്പുണ്ട്. അതുകൊണ്ട് അവർക്ക് എത്രയുംവേഗം കണക്ഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അത് പ്രയോറിറ്റി നൽകിത്തന്നെ കൊടുക്കുന്നുണ്ട്. നബാർഡ്, സാഡു, ആർ. ഇ. സി. എന്നീ സ്കീമുകളനുസരിച്ചുതന്നെ കുറെ കണക്ഷനുകൾ പെൻഡിങ്ങിലുണ്ട്. അത് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വർഷത്തെ ടാർഗറ്റ് 14,000 കണക്ഷനുകൾ ആ സ്കീമിൽപ്പെടുത്തി കൊടുക്കുകയെന്നുള്ളതാണ്. ഇതിനോടകംതന്നെ ഏകദേശം മൂവായിരത്തോളം കണക്ഷൻ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഒരു കാര്യം മനസ്സിലാക്കാനുള്ളത് പ്ലാനിൽ ആയിരം കണക്ഷൻ കൊടുത്താൽ മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ അത് മുവായിരമായിട്ടുണ്ട്. ബാക്കിയുള്ളത് അടിയന്തിരമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. കെ. ഹംസ: മലബാറിൽ ഇടയ്ക്ക് കറന്റ് വരികയും ഇടയ്ക്ക് പോവുകയുമാണ്. ഇതുപോലെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്ക് വരികയും ഇടയ്ക്ക് പോവുകയും ചെയ്യുന്നത്. ഈ കറന്റും ബാലകൃഷ്ണപിള്ളയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

(മറുപടി പറഞ്ഞില്ല.)

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ''സാഡു'' കർഷകർക്കും, സെൽഫ് എംപ്ലോയ്മെന്റ് സ്കീമിൽ ലോണെടുത്ത് വ്യവസായം ആരംഭിച്ചിട്ടുള്ള ആളുകൾക്കും വൈദ്യുതി കണക്ഷനുള്ള മുൻഗണനാ നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ കിട്ടാത്തതുകൊണ്ട്, നടപ്പിലാക്കാതിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തിരമായി അത് എത്തിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അതിനാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

ശ്രീ. ഇ. പത്മനാഭൻ: ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് നടത്തുന്ന സ്കീമുകൾക്ക് ബോർഡു് ഫണ്ടുപയോഗിച്ച് കണക്ഷൻ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ട്. വൈദ്യുതി ഒരു അവശ്യ വസ്തുവാണ്. അതുപോലെതന്നെ ആശുപത്രിയും ഒരു അവശ്യ വസ്തുവാണ്. വേൾഡ് ബാങ്കിന്റെ സഹായത്തോടെ ഒരു പ്രദേശത്തുള്ള സാധുക്കളായ മുഴുവൻ ജനങ്ങൾക്കും ഉപകാരം ചെയ്യാൻ വേണ്ടിയുണ്ടാക്കിയിട്ടുള്ള ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിലെ ആശുപത്രികൾക്ക് ഇപ്പോൾ കണക്ഷൻ കൊടുക്കുന്നില്ല. വേൾഡ് ബാങ്കിൽനിന്ന് രണ്ടാമത് പണം കിട്ടിയാലേ കണക്ഷൻ കൊടുക്കുകയുള്ളൂ എന്നുള്ള നിലയ്ക്ക് നിരവധി ആശുപത്രികളിൽ ഇന്ന് വൈദ്യുതി കണക്ഷൻ ഇല്ലാതെ കിടക്കുകയാണെന്നുള്ള വസ്തുത ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് ബോർഡ് ഫണ്ട് ഉപയോഗിച്ച് കണക്ഷൻ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇതിന്, ആദ്യത്തെ പ്രധാന ചോദ്യത്തിന് മറുപടിയായിട്ടുതന്നെ ഉത്തരം പറഞ്ഞതാണ്. ബോർഡ് ഫണ്ടിൽനിന്ന് കണക്ഷനുകൾ കൊടുക്കുന്നതിന് ഇപ്പോൾത്തന്നെ ചില നിബന്ധനകളുണ്ട്. ഈ അടുത്തകാലത്ത് ചീഫ് സെക്രട്ടറി തലത്തിൽ ഇതിനെ സംബന്ധിച്ചുള്ള ചർച്ച നടക്കുകയും, അതിനെത്തുടർന്ന് ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി കണക്ഷൻ വന്നുനിൽക്കുന്ന സ്ഥലത്തുനിന്നും ഏത് സ്ഥാപനങ്ങളിലേക്കാണെങ്കിലും ഫ്രീ കണക്ഷനുകൾ കൊടുക്കുന്നുണ്ട്. അത് ബോർഡിന്റെ ഫണ്ടുപയോഗിച്ചാണ് കൊടുക്കുന്നത്. കൂടുതൽ ദൂരത്തുനിന്നും ഇലക്ട്രിസിറ്റി കൊണ്ടുവരേണ്ടതായിട്ടുണ്ടെങ്കിൽ അങ്ങനെ വരുന്ന ചെലവ് അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് കൊടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയൊക്കെ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തന്നെ ഒരു പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്: സ്വാഭാവികമായും ആ പ്രയോറിറ്റിയിൽ ഇത് ഉൾപ്പെടും. അങ്ങനെയുള്ള കാര്യങ്ങൾക്ക് കുറെക്കൂടി പരിഗണന കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സീതിഹാജി: ''സാഡു'' പദ്ധതിപ്രകാരം ഉള്ള 9,500 രൂപയുടെ കണക്ഷൻ കൊടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ലെന്ന് ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി പറഞ്ഞു. മലപ്പുറം ജില്ലയിൽ അങ്ങനെയുള്ള ഒരൊറ്റ കണക്ഷനും കൊടുക്കാത്തതിന്റെ പേരിൽ കൃഷിക്കാരെല്ലാം കഷ്ടത്തിലാണ്. ബാങ്കുകളിൽനിന്ന് വല്ല ജപ്തികളും വന്നിരിക്കുന്നു. അത് കൊടുക്കുന്നതിനെപ്പറ്റി വല്ല നടപടിയും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേയ്ക്കും ഇങ്ങനെയുള്ള പദ്ധതിപ്രകാരം 14,000 കണക്ഷനുകൾ കൊടുക്കാനുള്ള ടാർജറ്റ് ആണ് ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കണക്ഷൻസും ഇതിൽ വരുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: കോൺട്രിബ്യൂഷൻ സിസ്റ്റമുള്ളതുകൊണ്ട് പണക്കാരിൽനിന്ന് കൂടുതൽ പണം കിട്ടുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെപ്പറഞ്ഞു. പാവപ്പെട്ടവർക്ക് കണക്ഷൻ കൊടുക്കുന്നതിന് കാലതാമസമുണ്ടാകില്ലെന്നും പറഞ്ഞു. ഇങ്ങനെ പണം വാങ്ങി കൂടുതൽ കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി പ്രത്യേകമായി വല്ല ഉദ്യോഗസ്ഥൻമാരെയും നിശ്ചയിച്ചിട്ടുണ്ടോ; പ്രത്യേകമായ മെറ്റീരിയൽസ് സംഭരിച്ചിട്ടുണ്ടോ; അല്ലാതെ ഇന്ന് നിലവിലുള്ള ഉദ്യോഗസ്ഥൻമാരുടെ ഡൈവർഷനും, മെറ്റീരിയൽസിന്റെ ഡൈവർഷനും കൊണ്ട് കണക്ഷൻ നൽകിയാൽ കോൺട്രിബ്യൂഷൻ സ്കീം കൊണ്ട് പാവപ്പെട്ടവർക്ക് നഷ്ടമല്ലേ ഉണ്ടാകുന്നത്?

ശ്രീ. ടി. എം. ജേക്കബ്: അത് ശരിയല്ല. ഈ മുൻഗണനാ പദ്ധതിക്കുതന്നെ ഒരു പ്രത്യേകമായ രജിസ്റ്ററും അതിനൊരു മുൻഗണനാക്രമവും ഉണ്ട്. സ്വാഭാവികമായിട്ടും ഒരു സ്ഥലത്തു സി. ഡി. അടച്ചുനിൽക്കുന്ന ആളുകൾതന്നെ കുറെയേറെ കാണുമെന്നു വിചാരിക്കുക. 101 പേരുണ്ടെങ്കിൽ അതിനകത്തുതന്നെ ഈ കോൺട്രിബ്യൂഷൻ അടച്ച് കണക്ഷൻ എടുക്കാൻ കുറെ ആളുകൾ സന്നദ്ധരായി മുന്നോട്ടുവന്നാൽ സ്വാഭാവികമായും അവർ ആ പ്രയോറിറ്റി ലിസ്റ്റിൽനിന്നും മാറും. അങ്ങനെവരുമ്പോൾ ഈ മുൻഗണനാ ലിസ്റ്റിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് പരിഗണന ലഭിക്കുകയും അവർക്ക് കണക്ഷൻ ലഭിക്കുകയും ചെയ്യും.

ശ്രീ. എ. സി. ഷൺമുഖദാസ്: പ്രത്യേക സ്റ്റാഫ് ഉണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. ടി. എം. ജേക്കബ്: അതിന് പ്രത്യേക സ്റ്റാഫ് ഇല്ല. നിലവിലുള്ള സ്റ്റാഫുതന്നെ, ഈ കോൺട്രിബ്യൂഷൻ അടച്ച് കറൻറ് ആവശ്യപ്പെടുന്ന ആളുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ബോർഡാഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സാധാരണഗതിയിൽ കണക്ഷൻ കിട്ടാൻ വിഷമമുള്ളതുകൊണ്ടാണ് കോൺട്രിബ്യൂഷൻ വ്യവസ്ഥയനുസരിച്ച് കണക്ഷൻ തരാൻ വേണ്ടി ആവശ്യപ്പെടുന്നത്. അത്തരം കോൺട്രിബ്യൂഷൻ വ്യവസ്ഥ അംഗീകരിച്ചുകൊണ്ട് അപ്ലിക്കേഷൻ കൊടുത്ത നിരവധി അപേക്ഷകൻമാർ ഇപ്പോഴും കണക്ഷൻ കിട്ടാതെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ അവർക്കെങ്കിലും ഒന്ന് പെട്ടെന്ന് കണക്ഷൻ കൊടുക്കാനുള്ള എന്തു പുതിയ പദ്ധതിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: കോൺട്രിബ്യൂഷൻ അടച്ച് കണക്ഷൻ എടുക്കാൻ തയ്യാറാകുന്നവർക്ക് എത്രയും വേഗം കണക്ഷൻ കൊടുക്കാനുള്ള നടപടികൾ ഉണ്ട്. അതിനുള്ള മെറ്റീരിയൽസ് അവയിലബിൾ ആക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിൽ മെറ്റീരിയൽസിന്റെ അഭാവംകൊണ്ടുണ്ടായിട്ടുള്ള ബുദ്ധിമുട്ടാണ്. കൂടുതലും. അക്കാര്യം പ്രത്യേകമായിട്ട് പരിഗണിച്ച് അതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. ബേബി ജോൺ: 42 ശുദ്ധജലവിതരണ പദ്ധതിയും എട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നും, ഗവൺമെന്റ് സ്വീകരിച്ച ഒരു പുതിയ നയത്തിന്റെ ഭാഗമായിട്ടാണ് ഈ ബുദ്ധിമുട്ട് വന്നിരിക്കുന്നതെന്നും, അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകകൊള്ളിച്ചുകൊണ്ട് ഇവർക്ക് കണക്ഷൻ കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുമെന്നു. ഇന്നത്തെ ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി മറുപടി പറഞ്ഞയവസരത്തിൽ പറയുകയുണ്ടായി. പുതിയ നയമൊന്നും ഇല്ലെന്നും പണ്ടു മുതലേയുണ്ടായിരുന്നതാണിതെന്നുമാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇതിൽ ഏതാണ് ശരി? സഭയിൽ പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റ് എടുത്ത പുതിയ തീരുമാനത്തിന്റെ ഭാഗമായിട്ട്. നേരത്തേ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്യാൻ സാധിച്ചില്ല, അതുകൊണ്ട് വന്നിരിക്കുന്ന ബുദ്ധിമുട്ടാണെന്നു പറഞ്ഞു. ഇപ്പോൾ മന്ത്രി പറയുന്നു പുതിയ തീരുമാനമൊന്നുമില്ലെന്ന്. ഇതിൽ ഏതാണ് ശരി?

ശ്രീ. ടി. എ. ജേക്കബ്: ചോദ്യം ചോദിച്ച് കൺഫ്യൂസ് ചെയ്യേണ്ട. ഞാൻ പറഞ്ഞതിനകത്ത് കൺഫ്യൂഷനൊന്നും ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റെ തീരുമാനമെന്നു പറയുന്നത് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ഒരുപോലെ ബാധകമാണ്. കണക്ഷൻ കൊടുക്കാൻ വേണ്ടിയുള്ള തീരുമാനമെന്നു പറയുന്നത്, ലൈൻ വന്നുനിൽക്കുന്ന സ്ഥലങ്ങളിലാണെങ്കിൽ ഫ്രീ കണക്ഷൻ ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് കൊടുക്കും, അല്ലാതെ വരുന്ന കണക്ഷൻസിന് അതായത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് അതിനാവശ്യമായിട്ടുള്ള പണമടയ്ക്കണമെന്നുള്ളതാണ്. ഇന്നലെ ജലസേചന വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്, ഫണ്ട് പ്രൊവൈഡ് ചെയ്യാൻ കഴിയാത്തതുകൊണ്ട് ഇവിടെ കുറച്ച് കണക്ഷൻസ് കൊടുക്കാൻ പെൻഡിങ്ങിലുണ്ടെന്നാണ്. അതിനാവശ്യമായിട്ടുള്ള ഫണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ പറഞ്ഞതും അതുതന്നെയാണ്. യാതൊരു വ്യത്യാസവും വന്നിട്ടില്ല. ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിലേക്ക് ഞാൻ ഒരു കാര്യം പറയാം. 1986-87-ലെ വാർഷിക അടങ്കലിൽ വിതരണ വിഭാഗത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് 10.49 കോടി രൂപയാണ്. ഈ വർഷാരംഭത്തിൽത്തന്നെ 1.2 ലക്ഷം അപേക്ഷകർക്ക് കണക്ഷൻ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനുവേണ്ടി മാത്രം തന്നെ 15 കോടി രൂപ വേണ്ടിവരും. അതിനു പുറമേയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച തരത്തിലുള്ള കണക്ഷന്റെ കാര്യം, ലൈൻ എക്സ്റ്റൻഷൻ, വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് എന്നിവയെല്ലാംകൂടി വരുന്നത്. ഇവയ്ക്കെല്ലാംകൂടി 35 കോടി രൂപ ഈ സാമ്പത്തിക വർഷം നമുക്കാവശ്യമായിട്ടുണ്ട്. പ്ലാനിൽ പ്രൊവൈഡ് ചെയ്ത തിരിക്കുന്നത് 10.49 കോടി രൂപയാണ്. അപ്പോൾ പ്ലാൻ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇങ്ങനെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ബേബി ജോൺ: വൈദ്യുതി കണക്ഷൻ കിട്ടാത്തതുകൊണ്ട് ശുദ്ധജലവിതരണ പദ്ധതികൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഗവൺമെന്റ് മുടക്കിയ പണം ഇപ്പോൾ നഷ്ടത്തിലിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്". ഗവൺമെന്റിന്റെ പുതിയ ഒരു നയം മൂലമാണിത് ഉണ്ടായതെന്ന് ഒരു മന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട ഈ മന്ത്രി പറഞ്ഞു പുതിയ നയമൊന്നും ഇല്ലെന്ന്. എന്നാണ് ഈ പറഞ്ഞ തീരുമാനമെടുത്തത്? പൊതുമുതൽ നഷ്ടപ്പെടുന്ന ഈ സ്ഥിതിവിശേഷം ഒഴിവാക്കാനായിട്ട് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: പൊതുമുതൽ നഷ്ടപ്പെടാതെ നടപടികൾ സ്വീകരിക്കേണ്ടതാവശ്യമായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നയമെന്നു പറയുന്നത്, ഇറിഗേഷൻ തുടങ്ങിയ ഡിപ്പാർട്ടുമെൻറുകൾക്ക് ഗവൺമെൻറ് സ്ഥാപനങ്ങളെന്നുള്ള നിലയിൽ കണക്ഷൻസിനുവേണ്ടി ആവശ്യപ്പെടുമ്പോൾ ഫ്രീ കണക്ഷൻസ് മുഴുവൻ ബോർഡിന്റെ ഫണ്ടു പയോഗിച്ചുകൊണ്ട് കൊടുക്കുകയെന്നുള്ളതാണ്. അല്ലാതെ വരുന്ന കണക്ഷൻസിനെ സംബന്ധിച്ചിടത്തോളം അതാത് അഡ്മിനി സ്ട്രേറ്റീവ് ഡിപ്പാർട്ടുമെൻറ് അതിനു വേണ്ടിവരുന്ന പണം ബോർഡിലേക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. അത് ഭരണപരമായിട്ടുള്ള ഒരു നടപടിക്രമം മാത്രമാണ്. ആ നടപടിക്രമത്തിന് വിധേയമായിട്ടേ നമുക്ക് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. ഓരോ ഡിപ്പാർട്ടുമെൻറിനും അനുവദിച്ചിരിക്കുന്ന പ്ലാൻ ബഡ്ജറ്റ് ഉണ്ട്. ആ പ്ലാൻ ബഡ്ജറ്റ് എക്സീഡ് ചെയ്തു പോകാൻ പലപ്പോഴും ബുദ്ധിമുട്ടു വരും. എന്നിരുന്നാൽത്തന്നെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്കും വാട്ടർ സപ്ലൈ സ്കീമുകൾക്കും കൂടുതൽ പ്രയോറിറ്റി നൽകിക്കൊണ്ട് പൂർത്തിയായ സ്കീമുകൾക്ക് ഉടനെത്തന്നെ കണക്ഷൻ കൊടുക്കാനുള്ള നടപടികളെക്കുറിച്ച് ഗവൺമെൻറ് വളരെ ഗൗരവതരമായിത്തന്നെ ആലോചിച്ചുവരികയാണ്.

ശ്രീ. കെ. പി. രാമൻ: വൈദ്യുതി കണക്ഷൻ നൽകുന്നതുസ്പ്പെട്ടുള്ള പുതിയ പദ്ധതികൾ ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്കരിക്കുമ്പോൾ അതിനെ സംബന്ധിച്ച് ഒന്ന് വിലയിരുത്താൻ കഴിഞ്ഞ കാലത്ത് നിലവിലുണ്ടായിരുന്ന ഉപദേശക സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: അക്കാര്യം പരിഗണിക്കുന്നതാണ്.

ഡോക്ടർ കെ. സി. ജോസഫ്: ചില മേഖലകളിൽ, കുട്ടനാട് പോലെയുള്ള മേഖലകളിൽ ആർ. ഇ. സി. പ്രോജക്ടുപയോഗിക്കാൻ സാദ്ധ്യമല്ലാത്ത നില വന്നിരിക്കുന്നതുകൊണ്ടും തേക്കിൻകഴ ലഭ്യമല്ലാത്തതുകൊണ്ടും കെ. എസ്. ഇ. ബി. യുടെ നിബന്ധനകളനുസരിച്ചുള്ള കണക്ഷൻസ്പോലും കൊടുക്കുവാൻ കഴിയാതെ വന്നിരിക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തേക്കിൻകഴകൂടി ലഭ്യമായ സ്ഥലത്തുനിന്നും കുട്ടനാടൻ മേഖലയിൽ എത്തിച്ചുകൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: മെറിറ്റിരിയൽസിന്റെ അഭാവംമൂലം കുറെ കണക്ഷൻസ് കൊടുക്കാൻ കഴിയുന്നില്ലെന്നുള്ള പൊതുവായ പരാതിയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യവും ഗവൺമെൻറ് ശ്രദ്ധയിൽ വന്നതാണ്. അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ഈ കോൺട്രിബ്യൂഷൻ പദ്ധതി നിയമ വിരുദ്ധമാണെന്ന് മുൻവാർക്കൽ ഹൈക്കോടതി പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ ഈ സഭയിലും അതിനെതിരായിട്ടുള്ള ശക്തമായ അഭിപ്രായ ഗതികം വന്നു. അതുകൊണ്ട് കോൺട്രിബ്യൂഷൻ പദ്ധതി നിറുത്ത ലാക്കിയതായി ഒരിക്കൽ പ്രസ്താവിക്കുകയും ചെയ്തു. പിന്നീട് ഈ കോൺട്രിബ്യൂഷൻ പദ്ധതി എന്നുമുതൽക്കാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ആദ്യം പറഞ്ഞത് ശരിയല്ല. കോൺട്രിബ്യൂഷൻ സിസ്റ്റം പാടില്ലെന്ന് കോടതി പറഞ്ഞിട്ടില്ല. 1981-82 മുതലാണ് ഈ കോൺട്രിബ്യൂഷൻ സിസ്റ്റം .....(ബഹളം) .....

ശ്രീ. കെ. പി. പ്രഭാകരൻ: ഇതിനെ സംബന്ധിച്ച് ഒരു പെറ്റീഷൻ ഹൈക്കോടതിയിൽ വന്നിട്ട് കോൺട്രിബ്യൂഷൻ സ്വീകരിക്കുന്നത് ശരിയല്ലെന്ന് ഹൈക്കോടതിയുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: 1981-82-ൽ ആണ് കോൺട്രിബ്യൂഷൻ സിസ്റ്റം ഏർപ്പെടുത്തിയത്. 1984-ൽ, കുറഞ്ഞ ഒരു കാലയളവിലേക്ക് ഈ കോൺട്രിബ്യൂഷൻ പരിപാടി അവസാനിപ്പിച്ചു. അത് കഴിഞ്ഞപ്പോൾ ചില ആളുകൾ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തു. ആ അവസരത്തിൽ, ഇങ്ങനെ കോൺട്രിബ്യൂഷൻ അടച്ച് കണക്ഷൻ സ്വീകരിക്കാൻ തയ്യാറായി വരുന്നവർക്ക് കണക്ഷൻ നിഷേധിക്കുന്നത് ശരിയല്ല എന്ന് കോടതി പറഞ്ഞു. അങ്ങനെ കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും കോൺട്രിബ്യൂഷൻ സിസ്റ്റം പുനഃസ്ഥാപിക്കുവാനും അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടു പോകുവാനും ബോർഡ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: വീണ്ടും അത് ഇൻട്രൊഡ്യൂസ് ചെയ്തത് ഉദ്ദേശം എന്നാണ്? ഡോർ പറയണം.

ശ്രീ. ടി. എം. ജേക്കബ്: 1981-82 മുതലാണ് കോൺട്രിബ്യൂഷൻ സ്കീം ഇൻട്രൊഡ്യൂസ് ചെയ്തത്.

ശ്രീ. കെ. പി. പ്രഭാകരൻ: വീണ്ടും എന്നാണ് ആരംഭിച്ചത്. അങ്ങ് ഇന്നലത്തെ പ്രൊസീഡിംഗ്സ് പരിശോധിച്ചാൽ ആ കാര്യം മനസ്സിലാകും. ഇന്നലെ ജലസേചന വകുപ്പുമന്ത്രി പറഞ്ഞു 10-10-1986-ലാണ് ഇത് വീണ്ടും ഇൻട്രൊഡ്യൂസ് ചെയ്തത് എന്ന്. ബഡ്ജറ്റ് പ്രിപ്പയർചെയ്ത സമയത്ത് ഇതിനെപ്പറ്റി ധാരണയുണ്ടായിരുന്നില്ല. അതുകൊണ്ട് അതിനുവേണ്ടിയുള്ള പണം കണ്ടെത്താൻ ശ്രമിക്കുമെന്നാണ് മന്ത്രി ഇന്നലെ പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ്: 1981-82-ലാണ് കോൺട്രിബ്യൂഷൻ സിസ്റ്റം നടപ്പിലാക്കിത്തുടങ്ങിയത്. അതിനുശേഷം 1984-ൽ, ചുരുങ്ങിയ കാലയളവിലേക്ക് അത് നിറുത്തി. അതിനുശേഷം വീണ്ടും അത് പുനഃസ്ഥാപിച്ചു, 1986 മുതൽ പുനഃസ്ഥാപിച്ചു, അതിന്റെ എക്സാക്ട് ഡേറ്റ് ഞാൻ ഓർമ്മിക്കുന്നില്ല. ചുരുങ്ങിയ കാലയളവിലേക്ക് മാത്രമാണ്, അത് നിറുത്തലാക്കിയിട്ടുള്ളത്. ഈ കോൺട്രിബ്യൂഷൻ സിസ്റ്റം തുടരണമെന്നാണ് റിട്ട് പെറ്റീഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഫയൽ ചെയ്തപ്പോൾ ഹൈക്കോടതിയിൽനിന്ന് പരാമർശമുണ്ടായത്. കോൺട്രിബ്യൂഷൻ അടച്ച ആളുകൾ ആവശ്യപ്പെട്ടാൽ കണക്ഷൻ കൊടുക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് കോടതി പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ കോൺട്രിബ്യൂഷൻ സിസ്റ്റം തുടർന്നുവരികയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ഡിപ്പാർട്ട്മെന്റുകളിൽനിന്ന് പണം അടയ്ക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ സംഖ്യ കൊള്ളിക്കാൻ സാധിച്ചില്ല, വരും കൊല്ലം ബഡ്ജറ്റിൽ കൊള്ളിക്കുമെന്ന് മന്ത്രി പറഞ്ഞു. വരുന്ന വർഷം പണം അടച്ചുകൊള്ളാം എന്ന് ഡിപ്പാർട്ട്മെന്റിൽനിന്ന് ഉത്തരവാദിത്വമായി എഴുതിത്തന്നാൽ ഇപ്പോൾ തന്നെ കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നമ്മൾ ബഡ്ജറ്റ് അംഗീകരിച്ചുകൊടുക്കുന്നുണ്ട്. ആ പ്ലാൻ ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് മാത്രമേ എല്ലാ ഡിപ്പാർട്ടുമെന്റിനും പ്രവർത്തിക്കാൻ കഴിയൂ. അത് എക്സീഡ് ചെയ്യുമ്പോഴാണ് ഇവിടെ സപ്ലിമെന്ററി ഡിമാന്റ് മൂവ് ചെയ്യുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചു, ഇലക്ട്രിസിറ്റി ബോർഡിന്റെ 1986-87 വർഷത്തെ പദ്ധതിയിൽ, പ്ലാൻ സ്കീമിൽ ഇലക്ട്രിസിറ്റി വിതരണത്തിനുവേണ്ടി നീക്കി വച്ചിരിക്കുന്നത് 10 49 കോടി രൂപയാണ്. അത്രയും പ്ലാൻ പ്രൊവിഷൻ ഉണ്ടായിരുന്ന സ്ഥാനത്ത് അതിൽക്കൂടുതൽ പണം കണ്ടെത്തിക്കൊണ്ട് കണക്ഷൻ ഇതിനകം കൊടുത്തിട്ടുണ്ട്. അടുത്ത വർഷം പണമടച്ചുകൊള്ളാം എന്ന വ്യവസ്ഥയിൻമേൽ ഇപ്പോൾതന്നെ, മുൻകൂട്ടി കണക്ഷൻ കൊടുക്കുന്നത് നടപടിച്ചട്ടങ്ങൾക്ക് വിരുദ്ധമാണ്. എന്നിരുന്നാലും ഇപ്പോൾ പൂർത്തിയായിക്കിടക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും വാട്ടർസപ്ലൈ സ്കീമുകളും കഴിയുംവേഗം പ്രവർത്തനക്ഷമമാക്കാൻ വേണ്ടിയുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി കൂട്ടായ ശ്രമം നടത്തുകയാണ്.

ശ്രീ. ഇ. കെ. നായനാർ: 1981 അവസാനത്തിൽ ബാലകൃഷ്ണപിള്ളയുടെ കാലത്ത് തുടങ്ങി, ബാലകൃഷ്ണപിള്ള പുറത്തുപോയി; മാണി വന്നു, അപ്പോൾ നിറുത്തി. വീണ്ടും ബാലകൃഷ്ണപിള്ള വന്നു, അപ്പോൾ തുടങ്ങി. നിങ്ങൾ പറഞ്ഞതിന്റെ യഥാർത്ഥ സ്ഥിതി അതല്ലേ? ബാലകൃഷ്ണപിള്ള ഇനിയും പോയാൽ അത് നിറുത്തും, വീണ്ടും വന്നാൽ പിന്നെയും തുടങ്ങും.

ശ്രീ. ടി.എം. ജേക്കബ്: അത് ശരിയല്ല. ഒരു ഗവൺമെന്റ് വ്യക്തികളെ ആശ്രയിച്ചല്ല ഇരിക്കുന്നത്. ഗവൺമെന്റ് തുടർച്ചയാണ്; ബോർഡ് തുടർച്ചയാണ്. ആ നിലയിൽ ഇതിന്റെ നടപടിച്ചട്ടങ്ങൾ അനുസരിച്ച് മുന്നോട്ടു പോകുകയാണ്.

ശ്രീ. ടി.വി. വിജയരാജൻ: പഞ്ചായത്ത് റോഡുകളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ കൊടുത്തിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. പഞ്ചായത്ത് റോഡുകളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മുൻഗണന കൊടുക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ലോക്കൽ ബോഡിസിനു വേണ്ടിയുള്ള പണം അടയ്ക്കുന്നത്, ലോക്കൽ ബോഡിസ് തന്നെയാണ്. അവർ പണം അടച്ചു മുന്നോട്ടു വന്നാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. രേതൻ: കഴിഞ്ഞ സമ്മേളനകാലത്ത് ഒരു ദിവസം കൃഷി വകുപ്പുമന്ത്രി പറഞ്ഞു സാധ്യസ്കീം അനുസരിച്ച് പുതിയ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാൻ കാലാവധി ഒരു കൊല്ലത്തേക്കുകൂടി നീട്ടിയിട്ടുണ്ട് എന്ന്. അതനുസരിച്ച് കഴിഞ്ഞ 22-ാം തീയതി കണ്ണൂർ ഡി.ഡി.സി. യോഗത്തിൽ ഈ പ്രശ്നം ഉന്നയിച്ചു. ഗവൺമെന്റു പറയുന്ന യാതൊരു ഉത്തരവും ഞങ്ങളെ സംബന്ധിച്ചിടത്തോളം ബാധകമല്ല, അങ്ങനെയൊരു പ്രവർത്തനവും നടത്തേണ്ടതില്ല, ഇലക്ട്രിസിറ്റി ബോർഡിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ കിട്ടിയാലേ അത് നടപ്പിലാക്കൂ എന്നുള്ള ധിക്കാരപരമായ സമീപനമാണ് ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിച്ചിരിക്കുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ പൊതുവായ തീരുമാനം എടുത്ത് ആ തീരുമാനം കെ.എസ്.ഇ.ബി.-യെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെന്റ് തീരുമാനങ്ങളോ, ഗവൺമെന്റ് ഉത്തരവുകളോ ഒരു സർക്കാർ ഉദ്യോഗസ്ഥനും നിഷേധിക്കാൻ സാധിക്കുകയില്ല. അങ്ങനെ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥൻ ചെയ്യുന്നതായി ശ്രദ്ധയിൽപെടുത്തിയാൽ നടപടി സ്വീകരിക്കാം.

ശ്രീ. കെ.പി.എ. മജീദ്: കോൺട്രിബ്യൂഷൻ സ്കീം അനുസരിച്ച് പണം അടച്ചിട്ടും പ്രവൃത്തിക്ക് പ്രത്യേകമായ മെറ്റീരിയൽസ് നൽകാത്തതുകൊണ്ട് അത് മുടങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് കോൺട്രിബ്യൂഷൻ അടച്ച പ്രവൃത്തികൾക്ക് മാറ്റ് സ്കീമിൽനിന്നുള്ള മെറ്റീരിയൽസ് ഉപയോഗിക്കാതെ, പ്രത്യേകമായി മെറ്റീരിയൽസ് ഉപയോഗിച്ച് കുടിശ്ശികജോലി തീർക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: മെറ്റീരിയൽസ് നമുക്ക് മൊത്തമായിട്ട് സംഭരിക്കാൻ കഴിയും. അതിൽനിന്നാണ കോൺട്രിബ്യൂഷൻ അടച്ചവർക്കും അല്ലാത്തവർക്കും കൊടുത്തുകൊണ്ടിരിക്കുന്നത്. ആവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കാൻവേണ്ടിയുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 5 വർഷമായി വയറിംഗ് നടത്തിയ ലക്ഷംവീട് കോളനികളിൽ ഇതുവരെ കണക്ഷൻ കൊടുക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ലക്ഷംവീട് കോളനികൾക്ക് മുൻഗണന ഉണ്ടായിരുന്നു. അതുപോലെ ലക്ഷംവീട് കോളനികൾക്കും മുൻഗണനകൊടുത്തുകൊണ്ട് കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം പറഞ്ഞത് അഞ്ചുവർഷം മുൻപത്തെ കാര്യമാണ്. അഞ്ചുവർഷം മുൻപ് ഇവിടെ അധികാരത്തിലിരുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. നിങ്ങളും കൊടുത്തിട്ടില്ല. എന്തായാലും ലക്ഷംവീട് കോളനികൾക്കും ഹരിജൻ കോളനികൾക്കും മുൻഗണന കൊടുത്തുകൊണ്ട് കണക്ഷൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നിബഹനാൻ: സംസ്ഥാനത്തെ പതിനായിരക്കണക്കിന് ആളുകൾ കാർഷിക ആവശ്യത്തിനുവേണ്ടി കണക്ഷന് അപേക്ഷിച്ചിട്ട് കിട്ടിയിട്ടില്ല. ബാങ്കുകളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത് മോട്ടോർ വാങ്ങിച്ച് പലിശകൊടുത്തു കൊണ്ടിരിക്കുന്നവർക്കാണ് കണക്ഷൻ കൊടുക്കാതിരിക്കുന്നത്. ഇവർ എത്രമാത്രം ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ, ഇവർക്ക് കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കാർഷികാവശ്യങ്ങൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ മുൻഗണനാ പട്ടികയിൽ പെടുന്നതാണ്. അതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്. മെറ്റീരിയൻസിന്റെ അഭാവമാണ് കണക്ഷൻ കൊടുക്കാൻ തടസ്സമായി നിൽക്കുന്നത്. അത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി.ഫി. പീതാംബരൻ മാസ്റ്റർ: അയ്യായിരം രൂപയിൽത്താഴെ എസ്റ്റിമേറ്റ് തുക വരുന്ന കണക്ഷൻ ബോർഡിന്റെ ചെലവിൽ കൊടുക്കുമെന്ന് പറഞ്ഞു. എറണാകുളം ഭാഗങ്ങളിൽ അത്തരം ഒരു കണക്ഷൻപോലും കൊടുത്തിട്ടില്ല. രണ്ടായിരവും മുവ്വായിരവും രൂപ എസ്റ്റിമേറ്റ് തുക വരുന്ന കണക്ഷൻപോലും കൊടുത്തിട്ടില്ല. യഥാർത്ഥത്തിൽ അത് കൊടുക്കാതിരിക്കുകയും അയ്യായിരം രൂപയിൽത്താഴെ എസ്റ്റിമേറ്റ് ഉള്ളത് ബോർഡിന്റെ ചെലവിൽ ചെയ്യുന്നുണ്ട് എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നത് ആളുകളെ തെറ്റിദ്ധരിപ്പിക്കാനല്ലേ?

ശ്രീ. ടി. എം. ജേക്കബ്: ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയല്ല. ഇവിടെ അയ്യായിരം രൂപ എന്നുള്ള പരിധി നിശ്ചയിച്ചിട്ടുണ്ട്. അതിൽത്താഴെ വരുന്ന എല്ലാവർക്കും കണക്ഷൻ കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: കാർഷികാവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. സാഡു സ്കീം അനുസരിച്ച് എന്റെ നിയോജക മണ്ഡലത്തിൽ ഒന്നുരണ്ടു സ്ഥലങ്ങളിൽ 1983-ൽ വിഹിതം അടച്ചിട്ടും കണക്ഷൻ കിട്ടാതെ പമ്പുസെറ്റ് നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന് പ്രത്യേക പരിഗണന നൽകാൻ ദയവ് ഉണ്ടാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ഞാൻ ആദ്യം സൂചിപ്പിച്ചു, സാഡു, നബാർഡ് തുടങ്ങിയ സ്കീമുകളിൽ പെടുന്ന മുവ്വായിരത്തോളം കണക്ഷൻ കൊടുത്തുകഴിഞ്ഞിട്ടുണ്ട് എന്ന്. പതിനാലായിരമാണ് ഈ വർഷത്തെ ടാർജറ്റ്. അത് 1987 മാർച്ച് ആകുമ്പോഴേക്കും പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. മെമ്പർ പറഞ്ഞ പ്രദേശവും ഇതിൽത്തന്നെ വരും. അതുകൊണ്ട് കഴിയുന്നതും വേഗം കണക്ഷൻ കിട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: കോൺട്രിബ്യൂഷൻ അടച്ച ആളുകളും അടയ്ക്കാത്ത ആളുകളും ഏതാണ്ട് ഒരുപോലെയായിരിക്കും കുറേക്കാലം എന്നാണ് മന്ത്രിയുടെ ഇതുവരെയുള്ള ഉത്തരങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. മെറ്റീരിയൽസിന്റെ അഭാവമാണ്

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടിന് പ്രധാന കാരണമെന്ന് മന്ത്രി പറഞ്ഞിരിക്കേ എന്തെല്ലാം നടപടികളാണ് ഇലക്ട്രിസിറ്റി ബോർഡ് മെറ്റീരിയൽസ് ഇല്ലായ്മ പരിഹരിക്കാൻ ഇപ്പോൾ സ്വീകരിക്കുന്നത്, എന്നത്തേക്ക് മെറ്റീരിയൽസ് കിട്ടും?

ശ്രീ. ടി. എം. ജേക്കബ്: ബോർഡിന്റെ ഈ വർഷത്തെ ടാർജറ്റ് ഒരുലക്ഷത്തി ഇരുപതിനായിരം കണക്ഷൻ കൊടുക്കുക എന്നുള്ളതാണ്. ബോർഡ് ഒരു ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. അത് അച്ചീവ് ചെയ്യുന്നതിന് ആവശ്യമായി വരുന്ന മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നമുക്ക് ആവശ്യമായിട്ടുള്ള പോസ്റ്റ് കിട്ടുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പോരായ്മയായി നിൽക്കുന്നത്. പോസ്റ്റ് വാർക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇടയ്ക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോൾകാസ്റ്റിംഗ് നിറുത്തിവയ്ക്കേണ്ടിവന്നു. വീണ്ടും ചില സ്ഥലങ്ങളിൽ പോൾകാസ്റ്റ് ചെയ്യാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തെക്കിൻകഴകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട അഭാവം പോസ്റ്റിന്റെയാണ്. അത് പരിഹരിക്കാൻ നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. നാലകത്തു സൂപ്പി: സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും വൈദ്യുതി അത്യാവശ്യമാണിന്ന്. അതുകൊണ്ട് വൈദ്യുതിയുടെ ഉൽപ്പാദനം, വിതരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും അതിന്റെ ക്രമീകരണങ്ങളെക്കുറിച്ചുമൊക്കെ വിദഗ്ദ്ധമായി പഠിക്കുന്നതിന് പുറമേനിന്നു ഒരു ഏജൻസിയെ നിശ്ചയിച്ചു ഒരു സമയബന്ധിതപരിപാടിയനുസരിച്ച് ആ കമ്മിറ്റിയുടെ റിപ്പോർട്ടു വാങ്ങി അതനുസരിച്ച് ഗവൺമെൻറ് ഒരു തീരുമാനമെടുത്തു മുന്നോട്ടു പോകാൻ തയ്യാറുണ്ടോ? അങ്ങനെയാണെങ്കിൽ വൈദ്യുതി ബോർഡിനെ സംബന്ധിച്ചും വൈദ്യുതി വിതരണത്തെ സംബന്ധിച്ചും ഈ പറഞ്ഞു കേൾക്കുന്ന പരാതികൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. അതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: പുറത്തുനിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് ഇതു പഠനവിധേയമാക്കേണ്ട ആവശ്യമില്ല. ബോർഡിൽ ഇപ്പോൾത്തന്നെ അതിന് സംവിധാനമുണ്ട്. ആ സംവിധാനമുപയോഗിച്ചുകൊണ്ട് കഴിയുന്നത്ര കണക്ഷനുകൾ കഴിയുന്നതുംവേഗം കൊടുത്തുതീർക്കാനുള്ള നടപടികളാണ് ബോർഡ് സ്വീകരിച്ചു വരുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ: ഒരുസമയം മിനിമം ഗ്യാരൻറി സമർപ്പിക്കുകയും സി.ഡി. അടയ്ക്കാൻ വൈകുകയും ചെയ്ത കാരണത്താൽ വൈദ്യുതി ലഭിക്കാത്ത ഒരുവിഭാഗം ആളുകളുണ്ട്. അത്തരം ആളുകൾക്ക് കോൺട്രിബ്യൂഷൻ കൂടാതെ വൈദ്യുതി നൽകാനുള്ള നടപടിയെടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ച് സി.ഡി. അടയ്ക്കണമെന്നുള്ളത് നിർബന്ധമാണ്. സി.ഡി. എല്ലാപേരും അടച്ചേ പറ്റൂ. സി.ഡി. കൂടി അടച്ചുകഴിഞ്ഞാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. ഇസ്‌ഹാക്ക്‌: വെളിച്ചവിപ്ലവ പരിപാടി അനുസരിച്ച്‌ 1981 മാർച്ച്‌വരെയുള്ള എല്ലാ കണക്‌ഷനുകളും കൊടുക്കുമെന്ന്‌ മന്ത്രി വ്യക്‌തമാക്കി. തിരുവനന്തപുരം, എറണാകുളം തുടങ്ങിയ ജില്ലകളിൽ 1984–85-ൽ മിനിമം ഗ്യാരൻറി വച്ചവർക്ക്‌ കണക്‌ഷൻ കൊടുത്തപ്പോഴും മലപ്പുറം ജില്ലയിൽ 1979–80-ൽ മിനിമം ഗ്യാരൻറി വച്ചിട്ടുള്ളവർക്ക്‌ ഇന്നും കണക്‌ഷൻ കിട്ടിയിട്ടില്ലെന്ന ദയനീയ സ്‌ഥിതി സർക്കാരിന്‌ അറിയാമോ? അതു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്‌: മിനിമം ഗാരൻറിവച്ച കുറെ പ്രദേശങ്ങളിൽ കണക്‌ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതു കഴിയുന്നതും വേഗം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്‌.

ശ്രീ. സിറിയക്‌ ജോൺ: ഒരു വർഷംമുൻപ്‌ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒരു പരാമർശത്തെത്തുടർന്ന്‌ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്‌ണപിള്ള മന്ത്രിസ്‌ഥാനം രാജിവച്ചു. അദ്ദേഹത്തിനു ശേഷം ശ്രീ. കെ. എം. മാണി ആ വകുപ്പ്‌ ഏറെടുത്തു. അതിനുശേഷം വെളിച്ചവിപ്ലവത്തിൻെറ ഭാഗമായിട്ടുള്ള ലൈൻ എക്‌സ്‌റ്റൻഷൻ വർക്കുകളും സ്‌പെഷ്യൽ ഓർഡറിൻെറ അടിസ്‌ഥാനത്തിലുള്ള ഹൗസ്‌ കണക്‌ഷൻ ജോലികളും, പുരോഗമിച്ചുവരികയായിരുന്നു. വീണ്ടും ശ്രീ. ബാലകൃഷ്‌ണപിള്ള ഈ വകുപ്പിൻെറ ചാർജ്‌ ഏറെടുത്തതിനുശേഷം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു പ്രതികാരനടപടിയെന്നുള്ള നിലയിൽത്തന്നെ സ്‌റ്റേ ചെയ്‌തിരിക്കുകയാണ്‌. സ്‌പെഷ്യൽ ഓർഡറുകളുമായിട്ട്‌ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു നട്ടം തിരിയുകയാണ്‌. വീണ്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ബാലകൃഷ്‌ണപിള്ളയുടെ ഫ്യൂസ്‌ ഊരിവച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിനെ സംബന്ധിച്ചിടത്തോളം വേഗം തന്നെ തുടർന്നുള്ള ബാക്കി നടപടികൾകൂടി പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്‌: വെളിച്ചവിപ്ലവത്തിൻെറ ഭാഗമായിട്ട്‌ തുടങ്ങിവച്ച ഏതെങ്കിലും പരിപാടികൾ നിർത്തിവയ്‌ക്കാൻ യാതൊരു ഉത്തരവും കൊടുത്തിട്ടില്ല. അത്‌ അടിസ്‌ഥാനരഹിതമായിട്ടുള്ള ഒരു ആക്ഷേപമാണ്‌. അങ്ങനെ ഒരു നിർദ്ദേശമോ ഉത്തരവോ കൊടുത്തിട്ടില്ല. മനഃപൂർവ്വം ഒരു പ്രചരണമെന്നുള്ളനിലയിൽ പറയുന്നതാണ്‌. അന്ന്‌ ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടികളും ഇപ്പോഴും ബോർഡ്‌ സ്വീകരിച്ചുവരുന്നുണ്ട്‌.

കേരള സ്‌റ്റേറ്റ്‌ ഇലക്‌ട്രിസിറ്റി ബോർഡിലെ സ്‌റ്റോറുകൾ

* 516 [550] ശ്രീ. പി. സീതിഹാജി:
,, എ.വി. അബ്‌ദുറഹിമാൻ ഹാജി:
,, പി.എം. അബൂബക്കർ:
,, പി.വി. മുഹമ്മദ്‌:
പി.കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്‌ വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സ്‌റ്റേറ്റ്‌ ഇലക്‌ട്രിസിറ്റി ബോർഡിൽ ഇപ്പോൾ എത്ര സ്‌റ്റോറുകൾ ഉണ്ട്‌;

LIBRARY ARCHIVES Kerala Legislative Assembly